# നീര: ലൈസൻസ് വേണമെന്ന് എക്സൈസ് റിപ്പോർട്ട്

**നീര ഉൽപാദിപ്പിക്കാൻ അനുമതി നാളികേര ഉൽപാദന സൊസൈറ്റികൾക്ക്**

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം● നീര ഉൽപാദനത്തിനും വിപണനത്തിനും എക്സൈസ് ലൈസൻസ് വേണമെന്നതുൾപ്പെടെയുള്ള ചട്ടങ്ങൾ അബ്കാരി നിയമത്തിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് എക്സൈസ് വകുപ്പ് സർക്കാരിനു റിപ്പോർട്ട് നൽകി. നീര പുളിപ്പിച്ചു കള്ള് ആക്കി മാറ്റുന്നില്ലെന്ന് ഉറപ്പുവരുത്താൻ തുടർച്ചയായ പരിശോധനകൾ നടത്തണമെന്ന നിർദേശവും റിപ്പോർട്ടിലുണ്ട്. ഈ ചട്ടങ്ങൾ നികുതി, നിയമ വകുപ്പുകൾ അംഗീകരിച്ച് ഉത്തരവിറക്കിയാൽ മാത്രമേ സംസ്ഥാനത്ത് ഔദ്യോഗികമായി നീര ഉൽപാദനം തുടങ്ങാനാകൂ.

നീര ഉൽപാദനത്തിന് അനുമതി നൽകി സർക്കാർ കഴിഞ്ഞദിവസം ഉത്തരവിറക്കിയിരുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ അബ്കാരി നിയമത്തിൽ ഭേദഗതികൾ സമർപ്പിക്കണമെന്ന് എക്സൈസ് വകുപ്പിനോടു സർക്കാർ ആവശ്യപ്പെട്ടിരുന്നു.

കള്ളുഷാപ്പുകളുടെ ലേലം നടക്കാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഒന്നിൽക്കൂടുതലും മറ്റു ജില്ലകളിൽ ഓരോന്നു വീതവും നാളികേര ഉൽപാദന സൊസൈറ്റികൾക്കാണു നീര ഉൽപാദിപ്പിക്കാൻ അനുമതി നൽകിയത്. നാളികേര വികസന ബോർഡിനു കീഴിലാണു സൊസൈറ്റികൾ പ്രവർത്തിക്കുക.